## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

വിഷയം:- ആ.വ.ഡ. — ജീവനക്കാര്യം — കോവിഡ്- 19 അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിന്റെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ അഡ്ഹോക്ക് നിയമനം നടത്തുന്നതിന് അനുമതി നൽകി — ഉത്തരവാകുന്നു.

സൂചന:- നം. ഇ.ജി3-27547/2020/ആ.വ.ഡ, തീയതി 06-05-2020

**ഉത്തരവ് നം. ഇ.ജി3-62323/2020/ആ.വ.ഡ. തീയതി 15-09-2020**

മേൽ പരാമർശം ഉത്തരവനുസരിച്ച് കോവിഡ്-19 രോഗബാധയെ തുടർന്നുണ്ടായിരിക്കുന്ന അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിലേയ്ക്കായി സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. റാങ്ക് പട്ടികകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതി നൽകിയിരുന്നു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിയ താൽക്കാലിക ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചിരിക്കുന്നതായും രോഗ വ്യാപനം നിയന്ത്രണ വിധേയമാകാത്ത സാഹചര്യത്തിൽ തുടർന്നും നിയമനം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ അഭ്യർത്ഥിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകളിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. സെമീറ.എ
അഡീഷണൽ ഡയറക്ടർ (എ&റ്റി)

16/9/20

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
തിരുവനന്തപുരം / കൊല്ലം / പത്തനംതിട്ട / ആലപ്പുഴ / കോട്ടയം / ഇടുക്കി / എറണാകുളം / തൃശ്ശൂർ / പാലക്കാട് / മലപ്പുറം / കോഴിക്കോട് / വയനാട് / കണ്ണൂർ / കാസർഗോഡ്.
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചു തരുന്നതല്ല)

പകർപ്പ്:

1) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റ്
2) ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

SS-16-09-2020